പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2604 | 09-07-2015-ൽ മറുപടിക്ക്

സബ്സിഡി സാധനങ്ങൾ ലഭിക്കാത്തതിന്റെ കാരണങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ അടക്കമുള്ള സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (എ) | സപ്ലൈകോ വില്പനശാലകളിൽ സബ്സിഡി ഉൽപ്പന്നങ്ങൾ ലഭ്യമാകാത്ത സാഹചര്യങ്ങൾ വിരളമാണ്. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യസാധനങ്ങൾ, പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. നിലവിൽ ഭൂരിപക്ഷം മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നത് സ്ഥലസൗകര്യം കുറഞ്ഞ കെട്ടിടങ്ങളിലാണ് ആയതിനാൽ ഇവിടെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള സൗകര്യം പരിമിതമാണ്. ചില അവസരങ്ങളിൽ അപ്രതീക്ഷിതമായി ക്രമാതീതമായ വർദ്ധനവ് വിൽപനയിൽ ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചുകൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ചില സമയങ്ങളിൽ ലഭ്യമല്ലാതാകാറുമുണ്ട്. എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ എടുത്തു വരുന്നുണ്ട്.<br><br>1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവ് ഉള്ള മാവേലി സ്റ്റോറുകളിലും, സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു.<br>2) സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചു കൊടുക്കുന്നു. |

| | | | |
|---|---|---|---|
| | | | 3) മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉൽസവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5) കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പു വരുത്താറുണ്ട്. പ്രത്യേകിച്ച് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>6) ആവശ്യമായ സമയങ്ങളിൽ സ്റ്റോക്കുള്ള ഡിപ്പോകളിൽ നിന്നും മറ്റു ഡിപ്പോകളിലേയ്ക്കു സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ